©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2026 ഫെബ്രുവരി 18<br>18th February 2026<br>1201 കുംഭം 6<br>6th Kumbham 1201<br>1947 മാഘം 29<br>29th Magha 1947 | നമ്പർ<br>No. 662 |


GOVERNMENT OF KERALA

**Taxes (J) Department**

ORDER

G.O.(P)No.26/2026/TAXES. *Dated, Thiruvananthapuram, 17th February, 2026*
*5th Kumbham, 1201*

**S. R. O. No. 202/2026**

In exercise of the powers conferred by clause (a) sub section (1) of section 9 of the Kerala Stamp Act, 1959 (17 of 1959), the Government of Kerala, being of the opinion that it is necessary in the public interest so to do, hereby remit the stamp duty chargeable under the said Act for the

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

registration of conveyance of 79 ares 50 square meters of land in Re-survey No. 165/1 in Block No. 02 of Thrikkadavur Village in Kollam Taluk in Kollam District to the Quilon Poor Home.

By order of the Governor,

K R JYOTHILAL
*Additional Chief Secretary to Government*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

The Secretary of the Quilon Poor Home has requested the Government to grant exemption from payment of stamp duty required for the registration of conveyance of 79 ares 50 square meters of land in Resurvey No. 165/1 in block No. 02 of Thrikkadavur Village in Kollam Taluk in Kollam District to the Quilon Poor Home. The Government have examined the matter in detail and have decided to allow the request in public interest.

The order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.18 02:33:27 +05:30

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-02-2026

ഫയൽ നം. ജെ1/38/2025/നി.വ. ഇനം നം: 3649

വിഷയം : നികുതി വകുപ്പ് - രജിസ്ട്രേഷൻ - 'The Quilon Poor Home' എന്ന സ്ഥാപനത്തിന് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് മുദ്രവില ഒഴിവാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

SO(J)
13/2

3649

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നം. | ജെ1/38/2025/നി.വ |
| 2 | വകുപ്പ് | നികുതി (ജെ) വകുപ്പ് |
| 3 | വിഷയം | നികുതി വകുപ്പ് – രജിസ്ട്രേഷൻ – 'The Quilon Poor Home' എന്ന സ്ഥാപനത്തിന് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് മുദ്രവില ഒഴിവാക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 02/02/2026 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. പ്രമോദ്.എം.വി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.കെ.ആർ.ജ്യോതിലാൽ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 05.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 08.02.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 09.02.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 10.02.2026 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

'The Quilon Poor Home' എന്ന സ്ഥാപനത്തിന് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് മുദ്രവില ഒഴിവാക്കുന്നത് സംബന്ധിച്ചതാണീ കുറിപ്പ്.

2. 1952 ൽ കൊല്ലം മുൻസിപ്പാലിറ്റി സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്ന 'ദി ക്വയിലോൺ പുവർ ഹോം' എന്ന സ്ഥാപനത്തിന് നിലവിൽ 135 പേരെ താമസിപ്പിക്കാനുള്ള അനുവാദമുണ്ടെങ്കിലും സ്ഥലപരിമിതി മൂലം കഴിഞ്ഞ രണ്ട് വർഷമായി പുതുതായി ആർക്കും പ്രവേശനം നൽകാൻ കഴിയുന്നില്ല എന്നും തെരുവിൽ ഭിക്ഷാടനം നടത്തുന്നവരെ ഈ സ്ഥാപനത്തിൽ എത്തിച്ച് അവരെ റിഹാബിലിറ്റേഷൻ നടത്തുന്ന പ്രക്രിയയാണ് സ്ഥാപനം നടത്തുന്നതെന്നും അപേക്ഷയിൽ വിവരിക്കുന്നു. ടി സ്ഥാപനത്തിന് നിലവിൽ ഒരു സെൻ്റ് ഭൂമി പോലുമില്ല എന്നും തെരുവിൽ അലയുന്നവരെ പ്രവേശിപ്പിക്കാൻ ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കാൻ തൃക്കടവൂർ വില്ലേജിൽപ്പെട്ട ബ്ലോക്ക് നമ്പർ 002 ൽ റീസർവ്വെ നമ്പർ 165/1 ൽപ്പെട്ട 79 ആർ 50 സ്ക്വയർ മീറ്റർ സ്ഥലം വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ആയത് പൊതുജനങ്ങളുടെ സഹായത്തോടെയാണ് വാങ്ങേണ്ടതെന്നും ആയത് പരിഗണിച്ച് പ്രസ്തുത വസ്തു വാങ്ങുന്നതിന് നൽകേണ്ടി വരുന്ന സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഒഴിവാക്കി നൽകണമെന്നാണ് The Quilon Poor Home എന്ന സ്ഥാപനത്തിന്റെ ഓണററി സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നത്.

3. അപേക്ഷയിൽ പരാമർശിക്കുന്ന വസ്തു അഞ്ചാലുംമൂട് ഓഫീസിന്റെ പരിധിയിൽ ഉൾപ്പെട്ട തൃക്കടവൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 02 ലെ റീസർവ്വെ നമ്പർ 165/1 ൽ ഉൾപ്പെട്ട 79.50 ആർ വസ്തുവാണെന്നും ബിറ്റി.ആർ പരിശോധിച്ചതിൽ വേലായുധ ഭവനിൽ ബാലകൃഷ്ണപിള്ള എന്നയാളുടെ പേരിൽ റീസർവ്വെ നമ്പർ 165/1 ൽ ആകെ 79 ആർ 50 ച.മീ പുരയിടം എന്ന് ചേർത്ത് കാണുന്നുവെന്നും ന്യായവില രജിസ്റ്റർ പ്രകാരം Residential Plot With Corp./Mun/Panch. Road Access എന്ന ക്ലാസിഫിക്കേഷനിൽ ഉൾപ്പെടുന്ന ടി വസ്തുവിന് ആറിന് 1,10,880/- രൂപ നിശ്ചയിച്ചിരിക്കുന്നതായും കൂടാതെ വസ്തു സെൻ്റിന് 1,45,000/- രൂപ വില ധാരണ പ്രകാരം ആണ് വാങ്ങുന്നതെന്നും ആയത് പ്രകാരം 79.50 ആർസ് വസ്തുവിന് ആകെ 2,84,84,453/- രൂപ മൂല്യം വരുന്നതുമാണ്. പ്രസ്തുത വസ്തു വിലയാധാരമായി വാങ്ങുന്നതിന് 1959 ലെ കേരള മുദ്രപത്രനിയമം

പട്ടിക 22 പ്രകാരം, 8% നിരക്കിൽ 22,78,760/-രൂപ മുദ്രയിനത്തിലും, രജിസ്ട്രേഷൻ ആക്ട് 1(a) 1 പ്രകാരം 2% നിരക്കിൽ 5,69,690/- രൂപ ഫീസിനത്തിലും ആവശ്യമാണ്. അപേക്ഷ പരിഗണിച്ച് ഇളവുകൾ അനുവദിക്കുകയാണെങ്കിൽ സർക്കാരിന് കുറഞ്ഞത് 28,48,450/- (ഇരുപത്തെട്ട് ലക്ഷത്തി നാല്പത്തി എട്ടായിരത്തി നാനൂറ്റി അമ്പത് രൂപ മാത്രം) രൂപയുടെ റവന്യൂ നഷ്ടം വരുന്നതാണ് എന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. 'ദി ക്വയിലോൺ പൂവർ ഹോം' എന്ന സ്ഥാപനത്തിന്റെ പേരിൽ കൊല്ലം താലൂക്ക് പരിധിയിൽ സ്ഥാവര ജംഗമ വസ്തുക്കളില്ല എന്ന് കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. 1959 ലെ കേരള മുദ്രപത്ര നിയമം 9(1)(a) വകുപ്പ് പ്രകാരവും 1908 ലെ രജിസ്ട്രേഷൻ ആക്ട് 78(2) വകുപ്പ് പ്രകാരവും പൊതു താൽപര്യാർത്ഥം ആവശ്യമെന്നു കണ്ടാൽ സർക്കാരിന് യഥാക്രമം മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ അനുവദിക്കാവുന്നതാണ്.

6. ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

"ക്വയിലോൺ പൂവർ ഹോം എന്ന സ്ഥാപനത്തെ സംബന്ധിച്ച് ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് കണക്കിലെടുത്ത് The Quilon Poor Home എന്ന സ്ഥാപനത്തിന് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് കണ്ടെത്തിയിട്ടുള്ള തൃക്കടവൂർ വില്ലേജിൽപ്പെട്ട ബ്ലോക്ക് നമ്പർ 002 ൽ റീസർവ്വെ നമ്പർ 165/1 ൽപ്പെട്ട 79 ആർ 50 സ്ക്വയർ മീറ്റർ സ്ഥലം ടി സ്ഥാപനത്തിന്റെ പേരിൽ വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി, ഒഴിവാക്കി നല്കുന്നു. വില കൊടുത്താണ് ഭൂമി വാങ്ങുന്നത് എന്നതിനാൽ രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കാൻ കഴിയില്ല എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിനു ബഹു.ധനകാര്യ വകുപ്പ മന്ത്രിയുടെ അംഗീകാരമുണ്ട്.

7. ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ തൃക്കടവൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 02 ലെ റീസർവ്വെ നമ്പർ 165/1 ൽ ഉൾപ്പെടുന്ന 79 ആർ 50 സ്ക്വയർ മീറ്റർ സ്ഥലം The Quilon Poor Home എന്ന സ്ഥാപനത്തിന് കൈമാറുന്നതിന്റെ രജിസ്ട്രേഷന് മുദ്രവിലയിൽ ആവശ്യമായ 22,78,760/-രൂപ (ഇരുപത്തി രണ്ട് ലക്ഷത്തി എഴുപത്തി എണ്ണായിരത്തി എഴുന്നൂറ്റി അറുപത് രൂപ മാത്രം) ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം ഇളവ് ചെയ്ത് നൽകാമോ?